**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപതാത്പര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിൽ ദേശീയ ശരാശരി എത്രയാണ്; ഇത് മറികടക്കാൻ സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിക്ഷേപതാത്പര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിൽ ദേശീയ ശരാശരി സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. വിവിധ സംസ്ഥാനങ്ങൾ നടത്തുന്ന ആഗോള നിക്ഷേപ സംഗമങ്ങളിൽ പ്രഖ്യാപിക്കപ്പെടുന്ന നിക്ഷേപ താല്പര്യ പത്രങ്ങൾ സംബന്ധിച്ചും, അവയുടെ കൃത്യമായ പരിവർത്തന ശരാശരി സംബന്ധിച്ചും സുതാര്യമായ വിവരങ്ങൾ ലഭ്യമല്ല. അതേസമയം, കേരള സർക്കാർ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025-ൽ, 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപങ്ങളുടെ താല്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇവയിൽ 20.01.2026 വരെ 109 നിക്ഷേപ താൽപര്യ പത്രങ്ങളിലെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാനും, അതുവഴി അവയെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. മൊത്തം നിക്ഷേപ താല്പര്യ പത്രങ്ങളുടെ 24.27 ശതമാനം, ഭൂമി സ്വന്തമായുള്ള പദ്ധതികൾ മാത്രം പരിഗണിക്കുമ്പോൾ 38.24 ശതമാനം പരിവർത്തന നിരക്കാണ് ഇതിലൂടെ സംസ്ഥാനം നിലവിൽ കൈവരിച്ചിരിക്കുന്നത്. സർക്കാർ നടപ്പിലാക്കിയ സമയോചിതവും, ഏകോപിതവുമായ ഇടപെടലുകൾ ഫലപ്രാപ്തിയുള്ളതായി തീർന്നതുവഴിയാണ് പ്രസ്തുത സംഗമം നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് മുൻപായി ഇത്രയധികം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മാനദണ്ഡങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്ന ഒരു വിശ്വസനീയ ലക്ഷ്യസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഇൻവെസ്റ്റ് |

| | | | |
|---|---|---|---|
| | | | കേരള ഗ്ലോബൽ സമ്മിറ്റ് 2025 ലൂടെ സർക്കാർ കൈവരിച്ച വിജയം സഹായകരമാകുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷം ലോകോത്തരമാക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളിലൂടെ സാധ്യമായിട്ടുണ്ടോ; ഇതിന്റെ ഭാഗമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതും, കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതും ലക്ഷ്യമിട്ട് നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025, ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്താനും, ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും സാധിച്ചൊരു വേദിയായിരുന്നു. സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷം ലോകോത്തരമാക്കുന്നതിന് സർക്കാർ നടത്തിയ നിരവധി ഇടപെടലുകളുടെ ആകെതുകയായി, പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തോളം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണം, ഐടി അധിഷ്ഠിത വ്യവസായങ്ങൾ, മരാധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത്കെയർ, ആയുർവേദ & വെൽനെസ്സ് തുടങ്ങി സംസ്ഥാനത്തിന്റെ ശക്തവും സുസ്ഥിരവുമായ മേഖലകളിലാണ് നിക്ഷേപ താല്പര്യ പത്രങ്ങളിൽ അധികവും ലഭിച്ചിരിക്കുന്നത്.<br><br>ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി, നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നി ഏജൻസികൾ കൃത്യമായ ഫോളോ-അപ്പ് നടത്തിവരുന്നു.<br><br>നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താത്പര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തു വരുന്നത്. 100 കോടിയും അതിനു മുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി യും വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു. |

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താല്പര്യ പത്രങ്ങളിൽ നടത്തുന്ന ഫോളോ-അപ്പുകൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനായി സർക്കാർ ഒരു പ്രത്യേക ഓൺലൈൻ സംവിധാനത്തിനും രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, നിക്ഷേപ താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനും, സുഗമമായ പദ്ധതി നിർവ്വഹണത്തിനാവശ്യമായ
സൗകര്യമൊരുക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനും വേണ്ടി, സർക്കാർ 30-04-2025 ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ബഹു. വ്യവസായ വകുപ്പ് മന്ത്രി അദ്ധ്യക്ഷൻ ആയിട്ടുള്ളതും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സഹ അദ്ധ്യക്ഷനുമായ ഒരു ഉപദേശക സമിതിക്കു രൂപം നല്കിയിട്ടുണ്ട്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.06.2025-ൽ ചേർന്ന ഉന്നത തല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ പരിഷ്കരണങ്ങൾ ആവശ്യമായിരുന്ന പഞ്ചായത്ത്/ മുനിസിപ്പിലാറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും, പഞ്ചായത്ത് ലൈസൻസിങ് ചട്ടങ്ങളിലും തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനകം തന്നെ ഭേദഗതികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ വന്ന പദ്ധതികൾക്ക് പ്രഥമ പരിഗണ നല്കുന്നതിനായി 19.06.2025-ലെ (സ.ഉ.(സാധാ) നം.1508/2025/LSGD) ഉത്തരവിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പിൽ ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയും, 19.08.2025 -ലെ (G.O.(Rt)No.1080/2025/ID) ഉത്തരവിലൂടെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 109 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന്

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | നിക്ഷേപതാത്പര്യപത്രങ്ങൾ നിക്ഷേപങ്ങളായി പരിവർത്തനപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | മേൽ (ബി) പിരിവിനുള്ള മറുപടി കണ്ടാലും |
| (ഡി) | സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപ സംഗമം വിജയകരമാക്കുന്നതിനായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വിജയകരമാക്കുന്നതിനായി സർക്കാർ വിപുലമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള ദീർഘകാല രൂപരേഖ മുന്നോട്ടുവെച്ച്, ഫുഡ് പ്രോസസ്സിംഗ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളജി, ഹൈ-ടെക് ഫാർമിംഗ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, സ്റ്റാർട്ട്അപ്പ്, ഐ.ടി, മലബാർ കോൺക്ലേവ് തുടങ്ങി 40 സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ, അന്താരാഷ്ട്ര ജെൻ എ.ഐ. കോൺക്ലേവ് എന്നിവയും കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തി.<br><br>ഇതിനൊപ്പം, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ മുന്നോടിയായി ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് തുടങ്ങിയ നഗരങ്ങളിൽ സർക്കാർ റോഡ്ഷോകളും നിക്ഷേപക മീറ്റിംഗുകളും സംഘടിപ്പിച്ചു. കൂടാതെ വേൾഡ് എക്കണോമിക്ക് ഫോറം പോലുള്ള പ്രസിദ്ധമായ അന്താരാഷ്ട്ര ബിസിനസ് കോൺഫറൻസുകളിൽ കേരളത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുകയും സംസ്ഥാനത്തെ നിക്ഷേപക മേഖലയിലുള്ള മാറ്റങ്ങളും ബിസിനസ് സൗഹൃദ അന്തരീക്ഷവും ദേശീയ, അന്തർദ്ദേശീയ ബിസിനസ് സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നതിനും നടപടിയെടുത്തു.<br><br>ഇത്തരത്തിലുള്ള സമഗ്ര ഇടപെടലുകളുടെ ഫലമായി ഇതുവരെ ₹35,608.22 കോടി നിക്ഷേപമുള്ള 109 പദ്ധതികൾ നടപ്പിലാക്കൽ ഘട്ടത്തിലെത്തി. ഇതിലൂടെ 50,813 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ